## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

29-6-2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4741

### ഓൺലൈൻ വഴി വിവാഹ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനം വഴിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കാത്തതെന്ന് വ്യക്തമാക്കുമോ ; | (ബി) എറണാകുളം, വയനാട് ജില്ലകളിലെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ പൊതു വിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗിനുള്ള സംവിധാനം ഇനിയും ആരംഭിച്ചിട്ടില്ല. |
| (സി) വയനാട്ടിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കംപ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞിട്ടും വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) വിവാഹ രജിസ്ട്രേഷനു വേണ്ടി ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ